**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 258** **03-08-2021 - ൽ മറുപടിയ്ക്ക്**

**കേരള ഒളിമ്പിക് അസോസിയേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ ഐ ബി സതീഷ് | | Shri.V. Abdurahiman<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ കായിക വികസനവുമായി ബന്ധപ്പെട്ട് ഒളിമ്പിക് അസോസിയേഷൻ നിർവ്വഹിക്കുന്ന പങ്ക് എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഇൻഡ്യൻ ഒളിമ്പിക് അസോസിയേഷന്റെ കീഴിൽ അഫിലിയേറ്റ് ചെയ്തു Travancore Cochin Literary, Scientific and charitable Societies Act 1955" ന്റെ കീഴിൽ രജിസ്റ്റർ ചെയ്തുമാണ് കേരള ഒളിമ്പിക് അസോസിയേഷൻ പ്രവർത്തിക്കുന്നത്. 2020-21 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയിരുന്ന തുക ലഭിക്കുന്നതിനായി കേരള ഒളിമ്പിക് അസോസിയേഷൻ കായികയുജനകാര്യ ഡയറക്ടർക്ക് സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരം പ്രസ്തുത അസോസിയേഷൻ നടപ്പിലാക്കിയതും തുടർന്നുവരുന്നതുമായ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:- കോവിഡ് പശ്ചാത്തലത്തിൽ യൂട്യൂബ്, വിക്ടേഴ്സ് ചാനലുകൾ വഴി കായിക മത്സരങ്ങൾ, പരിശീലന പദ്ധതികൾ എന്നിവ സംബന്ധിച്ച പരിപാടികൾ പ്രാദേശിക ഭാഷയിൽ സംപ്രേഷണം ചെയ്ത് വരുന്നു. കായികതാരങ്ങൾ, സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യ ലക്ഷ്മിഭായി നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷന്റെ സഹകരണത്തോടെ "സ്റ്റേ ഫിറ്റ്" എന്ന കായിക ക്ഷമതാ പരിപാടി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. കുട്ടികൾക്ക് സ്വയം സുരക്ഷയ്ക്കായുള്ള ബോധവത്ക്കരണം നടത്തുന്നതിന് കേരള പോലീസുമായി സഹകരിച്ച് "സ്റ്റേ അലർട്ട്" എന്ന പരിപാടിയും ആവിഷ്കരിച്ചിട്ടുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ ദേശീയ, അന്തർദേശീയ കായിക ഫെഡറേഷനുകളുമായി ചേർന്ന് ഓൺലൈനായി മോട്ടിവേഷൻ ക്ലിനിക്ക്, സെമിനാറുകൾ, റിഫ്രഷർ കോഴ്സുകൾ, മുതിർന്നവരെ ലക്ഷ്യമിട്ട് ഒളിമ്പിക് വേവ് |

| | | | |
|---|---|---|---|
| | | | തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. |
| (ബി) | കായിക വികസനത്തിന് സഹായകരമായ എന്തെല്ലാം പ്രവർത്തനങ്ങളാണ് അസോസിയേഷൻ നിലവിൽ ഏറ്റെടുത്ത് നടപ്പാക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | ഇൻഡ്യൻ ഒളിമ്പിക് അസോസിയേഷന്റെ കീഴിൽ അഫിലിയേറ്റ് ചെയ്തു Travancore Cochin Literary, Scientific and charitable Societies Act 1955” ന്റെ കീഴിൽ രജിസ്റ്റർ ചെയ്തുമാണ് കേരള ഒളിമ്പിക് അസോസിയേഷൻ പ്രവർത്തിക്കുന്നത്. 2020-21 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയിരുന്ന തുക ലഭിക്കുന്നതിനായി കേരള ഒളിമ്പിക് അസോസിയേഷൻ കായികയുജനകാര്യ ഡയറക്ടർക്ക് സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരം പ്രസ്തുത അസോസിയേഷൻ നടപ്പിലാക്കിയതും തുടർന്നുവരുന്നതുമായ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:- കോവിഡ് പശ്ചാത്തലത്തിൽ യൂട്യൂബ്, വിക്ടേഴ്സ് ചാനലുകൾ വഴി കായിക മത്സരങ്ങൾ, പരിശീലന പദ്ധതികൾ എന്നിവ സംബന്ധിച്ച പരിപാടികൾ പ്രാദേശിക ഭാഷയിൽ സംപ്രേഷണം ചെയ്ത് വരുന്നു. കായികതാരങ്ങൾ, സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യ ലക്ഷ്മിഭായി നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷന്റെ സഹകരണത്തോടെ "സ്റ്റേ ഫിറ്റ്" എന്ന കായിക ക്ഷമതാ പരിപാടി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. കുട്ടികൾക്ക് സ്വയം സുരക്ഷയ്ക്കായുള്ള ബോധവത്ക്കരണം നടത്തുന്നതിന് കേരള പോലീസുമായി സഹകരിച്ച് "സ്റ്റേ അലർട്ട്" എന്ന പരിപാടിയും ആവിഷ്കരിച്ചിട്ടുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ ദേശീയ, അന്തർദേശീയ കായിക ഫെഡറേഷനുകളുമായി ചേർന്ന് ഓൺലൈനായി മോട്ടിവേഷൻ ക്ലിനിക്ക്, സെമിനാറുകൾ, റിഫ്രഷർ കോഴ്സുകൾ, മുതിർന്നവരെ ലക്ഷ്യമിട്ട് ഒളിമ്പിക് വേവ് തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. |
| (സി) | അസോസിയേഷന്റെ സംസ്ഥാന-ജില്ലാതല ഭരണ സമിതിയുടെ ഘടന എങ്ങനെയാണ്; പ്രസ്തുത സമിതിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള യോഗ്യത മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ; | (സി) | അന്താരാഷ്ട്ര ഒളിമ്പിക് കമ്മിറ്റി പ്രസിദ്ധീകരിച്ചിട്ടുള്ള ഒളിമ്പിക് ചാർട്ടർ പ്രകാരം രാജ്യത്ത് പ്രവർത്തിക്കുന്ന ഇൻഡ്യൻ ഒളിമ്പിക് അസോസിയേഷന്റെ കീഴിൽ അഫിലിയേറ്റ് ചെയ്തും കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ അഫിലിയേഷൻ കൂടാതെയും പ്രവർത്തിക്കുന്ന കേരള ഒളിമ്പിക് അസോസിയേഷന്റെ സംസ്ഥാന-ജില്ലാതല ഭരണ സമിതികളുടെ തെരഞ്ഞെടുപ്പും യോഗ്യത മാനദണ്ഡങ്ങളും 2000-ലെ കേരള സ്പോർട്സ് ആക്ടിലോ അവയ്ക്ക് കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങൾക്കോ കീഴിൽ പരാമർശിക്കുന്ന രീതിയിലല്ല. |

| | | | |
|---|---|---|---|
| | | | കേരള ഒളിമ്പിക് അസോസിയേഷന്റെ സംസ്ഥാന/ ജില്ലാ ഘടകങ്ങളുടെ പ്രതിനിധികൾ അടങ്ങുന്ന ജനറൽ കൗൺസിൽ തെരഞ്ഞെടുക്കുന്ന അംഗങ്ങൾ ഉൾപ്പെടുന്ന ഭരണ സമിതിയാണ് സംസ്ഥാന/ജില്ലാ ഒളിമ്പിക് അസോസിയേഷനുകൾ ഭരിക്കുന്നത്. |
| (ഡി) | അസോസിയേഷന്റെ പ്രവർത്തനങ്ങൾക്കായുള്ള സാമ്പത്തിക സ്രോതസ് എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ഡി) | അഫിലിയേഷൻ ഫീസ്, ഡൊണേഷൻ, രജിസ്ട്രേഷൻ ഫീസ്, സ്പോൺസർഷിപ്പ്, ചാനൽ/ മത്സര സംപ്രേഷണ അവകാശം, സർക്കാർ അനുവദിച്ച പരിപാടി നടത്തിപ്പ് ചെലവ്, ബാങ്ക് ഇന്ററസ്റ്റ് എന്നീ ഇനങ്ങളിലായി കേരള ഒളിമ്പിക് അസോസിയേഷന് വരുമാന സ്രോതസ്സുകൾ ഉള്ളതായും മേൽ ഇനങ്ങളിലായി 2019-20 സാമ്പത്തിക വർഷം 40,57,762/-രൂപയും 2020-21 സാമ്പത്തിക വർഷം 43,83,999/-രൂപയും വരുമാനമുള്ളതായും കായിക സംഘടനകൾ, സ്വകാര്യ വ്യക്തികൾ, കൈവശമുള്ള ഇതര ഫണ്ട് എന്നിവയിൽ നിന്നായി 2019-20 സാമ്പത്തിക വർഷം 12,50,000/-രൂപയും 2020-21 സാമ്പത്തിക വർഷം 14,75,000/-രൂപയും ലോണായി സമാഹരിച്ചിട്ടുള്ളതായി പ്രസ്തുത അസോസിയേഷൻ കായികയുവജനകാര്യ ഡയറക്ടറേറ്റിൽ സമർപ്പിച്ച രേഖകൾ പ്രകാരം കാണുന്നു. കൂടാതെ 2020-21 സാമ്പത്തിക വർഷത്തെ ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ ബജറ്റ് മറുപടി പ്രസംഗത്തിൽ കേരള ഒളിമ്പിക് അസോസിയേഷന് 50 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ആയതിൽ നിന്നും 25 ലക്ഷം രൂപ നിബന്ധനകൾക്ക് വിധേയമായി അനുവദിച്ചുകൊണ്ട് 25.02.2021-ലെ സ.ഉ(സാധാ)നം.75/2021/കാ.യു.വ പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധം ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### File No.SYA-A3/189/2020-SYA

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കായിക യുവജനകാര്യ വകുപ്പ്- കേരള ഒളിമ്പിക് അസോസിയേഷന്റെ വിവിധ പ്രവർത്തനങ്ങൾക്കായി 2020-21 സാമ്പത്തിക വർഷം 2204-00-104-08-12 കേരള ഒളിമ്പിക് അസോസിയേഷൻ എന്ന ശീർഷകത്തിൽ നിന്നും 25 ലക്ഷം രൂപ റിലീസ് ചെയ്യുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കായിക യുവജനകാര്യ (എ) വകുപ്പ്**

**G.O.(Rt) No.75/2021/S&YA** തീയതി,തിരുവനന്തപുരം, 25/02/2021

---

പരാമർശം:- 1 20/08/2020 തീയതിയിലെ എ-5-2347/20/കാ.യു.വ നം കത്ത്

2 05/02/2021 തീയതിയിലെ സ.ഉ(സാധാ) 1020/2021/ധന നം സർക്കാർ ഉത്തരവ്.

**ഉത്തരവ്**

2020-21 ലെ ബഡ്ജറ്റ് മറുപടി പ്രസംഗത്തിൽ കേരള ഒളിമ്പിക് അസോസിയേഷന്റെ വിവിധ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിരുന്ന 50 ലക്ഷം രൂപ പുതിയ ശീർഷകം അനുവദിച്ച്, ടി ശീർഷകത്തിൽ നിന്ന് അനുവദിച്ചുകൊണ്ടുള്ള ഭരണാനുമതിയും, രാജ്യത്ത് കോവിഡ് മഹാമാരി നിലനിൽക്കുന്ന പശ്ചാത്തലത്തിൽ ടി തുകയുടെ 25% ടി ശീർഷകത്തൽ നിന്ന് പിൻവലിച്ച് കേരള ഒളിംപിക് അസോസിയേഷന് കൈമാറുന്നതിനുള്ള അനുമതിയും ലഭ്യമാക്കണമെന്ന് കായിക യുവജനകാര്യ ഡയറക്ടർ പരാമർശം 1 കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2020-21 ലെ ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ ബഡ്ജറ്റ് മറുപടി പ്രസംഗത്തിൽ 'കേരള ഒളിമ്പിക് അസോസിയേഷന് 50 ലക്ഷം രൂപ അനുവദിക്കുന്നു' എന്ന് പ്രഖ്യാപിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ നടപ്പുവർഷത്തിലെ ഒന്നാംഘട്ട ഉപധനാഭ്യർഥനയിൽ ഉൾപ്പെടുത്തി '2204-00-104-08-12-കേരള ഒളിമ്പിക് അസോസിയേഷൻ' എന്ന പുതിയ ഒരു പദ്ധതിയേതര ശീർഷകം തുറന്ന് ടോക്കൺ വിഹിതം വകയിരുത്തിയിട്ടുണ്ട്. കായിക യുവജനകാര്യ ഡയറക്ടറെ ഈ ശീർഷകത്തിന്റെ CCO ആയി പ്രഖ്യാപിച്ചിട്ടുമുണ്ട്. മേൽ സാഹചര്യത്തിൽ , പരാമർശം 2 പ്രകാരം അധിക ധനാനുമതി വഴി '2204-00-104-08-12-കേരള ഒളിമ്പിക് അസോസിയേഷൻ' എന്ന ശീർഷകത്തിൽ വകയിരുത്തിയ 25 ലക്ഷം രൂപ ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി റിലീസ് ചെയ്യുന്നതിന് ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു:-

1. 2000-ലെ സ്പോർട്സ് ആക്ട് പ്രകാരം സ്പോർട്സ് മേഖലയുടെ സമഗ്ര പ്രവർത്തനങ്ങളുടെയും Statutory Agency ആയ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലാണ് Integrated data base തയ്യാറാക്കി പരിപാലിക്കുന്നതിനുള്ള ആധികാരിക ഏജൻസി എന്നതിനാലും നിബന്ധനകൾക്ക് വിധേയമായി 2000-ലെ കേരള സ്പോർട്സ് ആക്ട് പ്രകാരം അംഗീകാരം ലഭിച്ച എല്ലാ കായിക ഇനങ്ങളുടെയും സംഘടനകൾക്കും data entry ചെയ്യാനുള്ള അവസരം ലഭിക്കുന്നതാണ് എന്നതിനാലും , നിബന്ധനകൾക്ക് വിധേയമായി കേരള ഒളിമ്പിക് അസോസിയേഷനും കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ data bank ൽ വിവരങ്ങൾ ചേർക്കാവുന്നതാണ് എന്നതിനാലും കേരള ഒളിമ്പിക് അസോസിയേഷന്റെ പദ്ധതി രേഖയിൽനിന്നും Data Bank രൂപീകരണം ഒഴിവാക്കേണ്ടതാണ് .

2.കോവിഡ്-19 മഹാമാരിയെതുടർന്നു സംസ്ഥാനത്തു ഏർപ്പെടുത്തിയ നിയന്ത്രണങ്ങളുടെ ഭാഗമായി കായിക പരിശീലനങ്ങളും മത്സരങ്ങളും നിർത്തിവെയ്ക്കുകയും , ഇനിയും പൂർണമായി പുനരാരംഭിക്കാതിരിക്കുകയും ചെയ്യുന്ന നിലവിലെ സാഹചര്യത്തിൽ, കേരള ഒളിമ്പിക് അസോസിയേഷന്റെ പദ്ധതി രേഖയിൽ ഉൾപ്പെട്ട പ്രവർത്തനങ്ങളും അപ്രകാരം പരിമിതപ്പെടുത്തേണ്ടതാണ് .

3.കേരള ഒളിമ്പിക് അസോസിയേഷൻ സമർപ്പിച്ച പദ്ധതിരേഖ പ്രകാരമുള്ള സാധ്യമായ പ്രവർത്തനങ്ങൾ കായിക ഡയറക്ടർ വിലയിരുത്തേണ്ടതും , പ്രസ്തുത പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ കായിക മേഖലക്ക് ലഭിച്ച നേട്ടങ്ങൾ റിപ്പോർട്ട് ചെയ്യേണ്ടതുമാണ് .

4.അടുത്ത ഗഡു തുക നൽകുന്നതിനുള്ള നിർദേശം സമർപ്പിക്കുമ്പോൾ നിലവിൽ വിതരണം ചെയ്യുന്ന തുകയ്ക്കുള്ള ഓഡിറ്റ് ചെയ്ത വിനിയോഗ സാക്ഷ്യ പത്രം
(കേരള ഫിനാൻഷ്യൽ കോഡ് പ്രകാരമുള്ള ) ലഭ്യമാക്കേണ്ടതും , ബന്ധപ്പെട്ട ഒറിജിനൽ ബില്ലുകൾ പരിശോധിച്ച് കൃത്യത ഉറപ്പ് വരുത്തേണ്ടതുമാണ് .

5 .കേരള ഒളിമ്പിക് അസോസിയേഷന്റെ കഴിഞ്ഞ സാമ്പത്തിക വർഷത്തെയും നടപ്പ് സാമ്പത്തിക വർഷത്തെയും Audited Statement സമർപ്പിക്കേണ്ടതാണ്.

6.അനുവധിച്ച തുക ഒരു വർഷത്തിനകം വിനിയോഗിക്കുന്നു എന്നും 9 മാസത്തിനകം ഓഡിറ്റ് നടത്തിയ സാക്ഷ്യപത്രം ലഭ്യമാക്കുന്നു എന്നും ഉറപ്പ് വരുത്തേണ്ടതാണ് .

മേൽ നിബന്ധനകൾ കർശനമായി പാലിച്ചുകൊണ്ട് അർഹമായ തുക വിതരണം ചെയ്യുന്നതിനുള്ള തുടർ നടപടികൾ കായിക യുവജനകാര്യ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**SARITHA.D.**
**JOINT SECRETARY**

ഡയറക്ടർ, കായിക യുവജനകാര്യാലയം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ) /ആഡിറ്റ് , തിരുവനന്തപുരം.
ധനകാര്യ (ബി) വകുപ്പിന് (File No 1455441/EDN-B2/32/2020-FIN dated 06/02/2021.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

S.O